"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - കോട്ടയം നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.**969/2026/LSGD** തീയതി,തിരുവനന്തപുരം, **07-05-2026**

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ **12.05.2020** തീയതിയിലെ ഇ5(എസ്.സി.**18/19**/ഇആർകെ) **4172/2019** നമ്പർ കത്ത്.
2. **09.03.2021** തീയതിയിലെ ഇയു**2-284/2020**-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ **04.05.2024**, **06.01.2026** തീയതികളിലെ **LSGD/PD/18513/2023-VIGB6** നമ്പർ കത്തുകൾ.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പുതിയ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകുമ്പോൾ നികുതി ചട്ടങ്ങൾ പാലിക്കാതെ നികുതി പിരിക്കുന്നതുമൂലം സർക്കാർ ഖജനാവിന് നഷ്ടം വരുത്തുന്നുവെന്ന ആരോപണം സംബന്ധിച്ച സംസ്ഥാന വ്യാപക മിന്നൽ പരിശോധനയുടെ ഭാഗമായി കോട്ടയം മുനിസിപ്പാലിറ്റിയുടെ റവന്യൂ വിഭാഗത്തിൽ നടത്തിയ മിന്നൽ പരിശോധനയിലും പിന്നീട് നടത്തിയ തുടർ പരിശോധനകളിലും ഒറ്റത്തവണ നികുതി സംബന്ധിച്ച രേഖകൾ പരിശോധിക്കാതെ മുനിസിപ്പൽ ഉദ്യോഗസ്ഥർ **19** കെട്ടിട നിർമ്മാണ ഫയലുകളിൽ കെട്ടിട നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നതായും, ഒറ്റത്തവണ നികുതിയിനത്തിൽ **₹5,91,080/-** സർക്കാരിലേക്ക് കെട്ടിട ഉടമകൾ അടയ്ക്കാനുള്ളതായും കണ്ടെത്തിയതിനാൽ, വിജിലൻസ് ഡയറക്ടറുടെ പരാമർശം **1** പ്രകാരമുള്ള

ശിപാർശ പരിഗണിച്ച് പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തിയ കോട്ടയം നഗരസഭയിലെ ചുവടെ ചേർക്കുന്ന ജീവനക്കാർക്കെതിരേ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

i). ശ്രീ.ഇ.സി. ഷാജിമോൻ, റവന്യൂ ഇൻസ്പെക്ടർ
ii). ശ്രീ. കെ.എൻ.രാധാകൃഷ്ണൻ, റവന്യൂ ഇൻസ്പെക്ടർ ,
iii). ശ്രീ. രതീഷ്. എസ്, സൂപ്രണ്ട് ,
iv). ശ്രീ. വിജുമോൻ എ.എസ്, റവന്യൂ ഇൻസ്പെക്ടർ ,
v). ശ്രീമതി. ജിനിരാജ്.റ്റി, റവന്യൂ ഇൻസ്പെക്ടർ,
vi). ശ്രീമതി. സരസ്വതി കെ.എൽ, റവന്യൂ സൂപ്രണ്ട്
vii). ശ്രീമതി. അനിത എം.കെ, റവന്യൂ ഇൻസ്പെക്ടർ
viii). ശ്രീമതി. രേഖാ ഹരിദാസ്, റവന്യൂ ഇൻസ്പെക്ടർ
ix). ശ്രീമതി. ബിന്ദു എം.സി, റവന്യൂ ഇൻസ്പെക്ടർ
x). കെ.സുദർശൻ, റവന്യൂ ഓഫീസർ

2. കുറ്റാരോപണ മെമ്മോയ്ക്ക് മേൽ ജീവനക്കാർ സമർപ്പിച്ച മറുപടിയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം 3 റിപ്പോർട്ട് പ്രകാരം, വിജിലൻസ് റിപ്പോർട്ടിലെ ശിപാർശയിൻമേൽ, ഒറ്റത്തവണ നികുതി, ആഡംബര നികുതി എന്നിവയ്ക്ക് വിധേയമാക്കേണ്ട കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തുന്നതിന് റവന്യു വകുപ്പിന്റെ ഭാഗത്ത് നിന്നും അനാവശ്യമായ കാലതാമസം ഉണ്ടാകുന്നുവെന്നും ആയതിനാൽ പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിന് ഒരു സമയപരിധി നിശ്ചയിക്കണമെന്നും ടി പരിധിക്കുള്ളിൽ നികുതി നിർണ്ണയം നടക്കാത്തപക്ഷം അപേക്ഷകന് കെട്ടിടനമ്പർ നൽകുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകണമെന്നും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2016-19) 10-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 16-ൽ ശിപാർശ ചെയ്തിട്ടുള്ളതിൻപ്രകാരം കെട്ടിടങ്ങൾക്ക് യഥാസമയം നമ്പർ ലഭിക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുമായി എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുമ്പായി വില്ലേജ് ഓഫീസർ നികുതിയ്ക്ക് വിധേയമാക്കേണ്ട കെട്ടിടങ്ങളുടെ പട്ടിക തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി ചുമത്തൽ ബുക്കിലെ ഉദ്ധരണം സഹിതം തഹസീൽദാർക്ക് അയച്ച് കൊടുക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകാൻ പാടില്ലാത്തതും ഫാറം സി, ഫാറം ബി എന്നീ രജിസ്റ്ററുകൾ വില്ലേജ് ഓഫീസിൽ നിർബന്ധമായും സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നുവെന്നും ടി സർക്കുലർ 3(iii) ൽ സമയക്രമത്തിനുള്ളിൽ നികുതി നിർണ്ണയനടപടികൾ പൂർത്തിയാകാതെ വന്നാൽ അപേക്ഷകന് കെട്ടിടനമ്പർ അനുവദിച്ചു

നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ് എന്നും ടി വിഷയത്തിനുള്ള കാലതാമസത്തിന് ബന്ധപ്പെട്ട തഹസീൽദാർ ഉത്തരവാദിയായിരിക്കുമെന്ന് വിവരിച്ചിട്ടുണ്ടെന്നും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് ഒക്യുപെൻസി അനുവദിച്ച തീയതി മുതൽ കെട്ടിടനികുതി ഈടാക്കിയിട്ടുള്ളതിനാൽ കോട്ടയം നഗരസഭയ്ക്ക് യാതൊരു നഷ്ടവും വരുത്തിയിട്ടില്ല എന്ന് കോട്ടയം നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

**3.** കൂടാതെ ഒറ്റത്തവണ നികുതി ഒടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്കാണ് അസസ്സ്മെന്റ് നടത്തി വരുന്നതെന്നും കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം ഒറ്റത്തവണ നികുതി അസസ്സ് ചെയ്യുന്നതിന് **2** വർഷം വരെ കാലതാമസം സ്വാഭാവികമായും സംഭവിക്കാറുണ്ടെന്നും താലൂക്കിലെ തദ്ദേശസ്ഥാപനങ്ങളിലെ മുഴുവൻ കെട്ടിടങ്ങളുടേയും അസസ്സ്മെന്റ് അധികാരി താലൂക്ക് തഹസീൽദാർ മാത്രമായതിനാലാണ് ഇത്തരത്തിൽ കാലതാമസം ഉണ്ടാകുന്നതെന്നും ഒറ്റത്തവണ നികുതി അടച്ച ശേഷമേ നഗരസഭയിൽ അടയ്ക്കേണ്ട നികുതി അടയ്ക്കുന്നതിനായി നികുതി നിശ്ചയിച്ച് കെട്ടിടനമ്പർ നൽകുകയുള്ളൂ എന്ന നിലപാടെടുത്താൽ നഗരസഭാ പ്രവർത്തനം മന്ദഗതിയിൽ ആകുമെന്നും കൂടാതെ കേരള മുനിസിപ്പാലിറ്റി നിയമം **233(11) (13)** വകുപ്പ് പ്രകാരവും **2011** ലെ കേരളാ മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ **(11) (12)** പ്രകാരവും വസ്തു നികുതി നിർണ്ണയം നടത്തി ഡിമാന്റ് നോട്ടീസ് നൽകേണ്ടത് മുനിസിപ്പൽ സെക്രട്ടറിയുടെ ചുമതലയാണെന്നും **1975** ലെ കേരള ബിൽഡിംഗ് ടാക്സ് ആക്ട് പ്രകാരം ഒറ്റത്തവണ നികുതിയും ആഡംബര നികുതിയും നിർണ്ണയിച്ച് ഈടാക്കേണ്ട ചുമതല താലൂക്ക് തഹസീൽദാർക്കാണെന്നും കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് **1975** ലെ കേരള ബിൽഡിംഗ് ടാക്സ് ആക്ട് **7** പ്രകാരം റിട്ടേൺ ഫയൽ ചെയ്യേണ്ടത് കെട്ടിട ഉടമയാണെന്നും കെട്ടിട ഉടമ മേൽ റിട്ടേൺ ഫയൽ ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം നഗരസഭയുടെ വസ്തു നികുതിയിൽ റവന്യു നഷ്ടം ഉണ്ടാക്കുന്നതിന് കാരണമാകാവുന്നതാണെന്നുള്ള വിവരവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് **09.09.2016** ലെ **80/RD1/16/**തസ്വഭവ സർക്കുലർ, **11.09.2018** ലെ **Sc3/77/2018/**റവന്യു നമ്പർ ഉത്തരവ് എന്നിവ പ്രകാരം ഈ നടപടികൾ പുനഃപരിശോധിച്ചിട്ടുണ്ടെന്നും ഒറ്റത്തവണ നികുതി തീർപ്പാക്കാൻ കാത്തു നൽക്കാതെ, കെട്ടിടനികുതി നിർണ്ണയിച്ച് നമ്പരിട്ട് നൽകിയതിനാൽ പിഴവ് കൽപ്പിക്കാനാവില്ല എന്ന് മാത്രമല്ല അപ്രകാരം ചെയ്യാനാണ് സർക്കുലർ നിർദ്ദേശിക്കുന്നതെന്നും ടി അസസ്സ്മെന്റ് വിവരങ്ങൾ റവന്യു അധികാരികളെ അറിയിച്ച് തുടർനടപടി

സ്വീകരിച്ചിട്ടുണ്ടെന്നും ആയതിനാൽ നഗരസഭയ്ക്കോ, സർക്കാരിനോ സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ലെന്നും മേൽ സാഹചര്യത്തിൽ ബന്ധപ്പെട്ട ജീവനക്കാർക്കെതിരെയുള്ള വിജിലൻസ് റിപ്പോർട്ടും മെമ്മോയും ഒഴിവാക്കി അച്ചടക്ക നടപടികളിൽ നിന്നും ടിയാളുകളെ ഒഴിവാക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

4. ഒറ്റത്തവണ നികുതി രസീത് സ്വീകരിക്കാതെ സാക്ഷ്യപത്രം വാങ്ങി നമ്പർ നൽകുന്നത് എല്ലാ നഗരസഭകളിലും തുടർന്നു വന്നുപോകുന്ന കീഴ്വഴക്കമാണ് എന്ന് കാണുന്നതായും, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനും നഗരസഭയ്ക്ക് നികുതി നഷ്ടം സംഭവിക്കാതിരിക്കാനും ആയി എടുത്ത ഒരു നടപടിയായി ഉദ്യോഗസ്ഥരുടെ പ്രവൃത്തിയെ വിലയിരുത്താവുന്നതാണ് എന്നും അതുകൊണ്ടാണ് അപേക്ഷകരിൽ നിന്നും ഒറ്റത്തവണ നികുതി അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് സാക്ഷ്യപത്രം വാങ്ങി കെട്ടിട നമ്പർ അനുവദിച്ചത് എന്നും ആയതിനാൽ പ്രസ്തുത വിഷയത്തിൽ ജീവനക്കാരുടെ ഭാഗത്ത് നിന്ന് മനപൂർവ്വമായതോ ഗുരുതരമായതോ ആയ വീഴ്ചയുണ്ടായതായി കാണുന്നില്ലായെന്നും റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ കോട്ടയം നഗരസഭയുടെ **2019-20, 2020-21, 2021-22, 2022-23** എന്നീ സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും **2022-23** ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടും പരിശോധിച്ചതിൽ ഒറ്റത്തവണ നികുതി ഈടാക്കാതെ കെട്ടിടനമ്പർ അനുവദിച്ചത് സംബന്ധിച്ച യാതൊരു പരാമർശങ്ങളും ഉൾപ്പെട്ടിട്ടില്ലെന്നും ആയതിൽ നിന്നും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം വന്നതായി ഓഡിറ്റ് വിഭാഗം കണ്ടെത്തിയിട്ടില്ലെന്നും അറിയിച്ചിരുന്നു.

5. ആരോപണവിധേയരായ ജീവനക്കാർ കൈകാര്യം ചെയ്ത ബന്ധപ്പെട്ട ഫയലുകളിൽ നികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം, പ്രതിപാദിച്ചിരുന്ന 7 ഫയലുകളിലും ഒറ്റത്തവണ നികുതിയിനത്തിൽ അടവാക്കേണ്ട മുഴുവൻ തുകയും നിലവിൽ അടവാക്കിയിട്ടുള്ളതായി കാണുന്നതായും, ആയതിനാൽ മേൽ ഫയലുകളിൽ സർക്കാരിന് ഒറ്റത്തവണ നികുതിയിനത്തിൽ സാമ്പത്തിക നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തതാണ് എന്നും അറിയിച്ചിരുന്നു.

6.സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടുകളുടെയടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ ഒറ്റത്തവണ നികുതി രസീത് സ്വീകരിക്കാതെ നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചു എന്ന ആരോപണത്തിൽ ജീവനക്കാരുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായതായോ, നഗരസഭയ്ക്കോ, സർക്കാരിനോ സാമ്പത്തിക നഷ്ടമുണ്ടായതായോ കാണുന്നില്ല. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനും നഗരസഭയ്ക്ക് നികുതി നഷ്ടം സംഭവിക്കാതിരിക്കാനും ആയി എടുത്ത ഒരു നടപടിയായി ഉദ്യോഗസ്ഥരുടെ

പ്രവൃത്തിയെ വിലയിരുത്താവുന്നതാണെന്നും പ്രസ്തുത വിഷയത്തിൽ ജീവനക്കാരുടെ ഭാഗത്ത് നിന്ന് മനഃപൂർവ്വമായ വീഴ്ചയുണ്ടായിട്ടില്ലായെന്നും കാണുകയുണ്ടായി.

7. മേൽ സാഹചര്യത്തിൽ കെട്ടിടങ്ങൾക്ക് നമ്പർ നൽകുമ്പോൾ നികുതി ചട്ടങ്ങൾ പാലിക്കാതെ നികുതി പിരിക്കുന്നതുമൂലം സർക്കാരിന് നഷ്ടം വരുത്തുന്നുവെന്ന ആരോപണം സംബന്ധിച്ച്, കോട്ടയം മുനിസിപ്പാലിറ്റിയുടെ റവന്യൂ വിഭാഗത്തിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ കോട്ടയം നഗരസഭയിലെ ചുവടെ ചേർക്കുന്ന ജീവനക്കാർക്കെതിരെ KCS (CC &A) ചട്ടം 15 പ്രകാരം ആരംഭിച്ച നടപടി, ഇക്കാര്യത്തിൽ ജീവനക്കാരുടെ മറുപടിയും പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയും പരിഗണിച്ച്, ടിയാളുകൾക്കെതിരായ അച്ചടക്കനടപടിയിൽ തുടർനടപടി ഒഴിവാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

i). ശ്രീ.ഇ.സി. ഷാജിമോൻ, റവന്യൂ ഇൻസ്പെക്ടർ
ii). ശ്രീ. കെ.എൻ.രാധാകൃഷ്ണൻ, റവന്യൂ ഇൻസ്പെക്ടർ ,
iii). ശ്രീ. രതീഷ്. എസ്, സൂപ്രണ്ട് ,
iv). ശ്രീ. വിജുമോൻ എ.എസ്, റവന്യൂ ഇൻസ്പെക്ടർ ,
v). ശ്രീമതി. ജിനിരാജ്.റ്റി, റവന്യൂ ഇൻസ്പെക്ടർ,
vi). ശ്രീമതി. സരസ്വതി കെ.എൽ, റവന്യൂ സൂപ്രണ്ട്
vii). ശ്രീമതി. അനിത എം.കെ, റവന്യൂ ഇൻസ്പെക്ടർ
viii). ശ്രീമതി. രേഖാ ഹരിദാസ്, റവന്യൂ ഇൻസ്പെക്ടർ
ix). ശ്രീമതി. ബിന്ദു എം.സി, റവന്യൂ ഇൻസ്പെക്ടർ
x). കെ.സുദർശൻ, റവന്യൂ ഓഫീസർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**LALI K**

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 08-05-2026 12:36:56

സെക്ഷൻ ഓഫീസർ